(സി) ഹിന്ദുക്കളുടെ വിശേഷദിവസമായ ഓണത്തിനു തിരുവിതാംകൂർ പ്രദേശത്തു അനുവദിച്ചിരുന്ന റേഷൻപോലും കൊടുക്കാതിരിക്കുവാൻ കാരണമെന്തു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൊച്ചി പ്രദേശത്തെ നെല്ലിടപ്പു് പദ്ധതി തിരുവിതാംകൂറിലേതിനേക്കാൾ കൂടുതൽ വിജയപ്രദമായിരുന്നു. കൂടുതൽ നെല്ലു വാങ്ങുവാനുമുണ്ടായിരുന്നു. കൂടാതെ കൊച്ചി തുറമുഖത്തു വന്നുചേരുന്ന ക്ഷേത്രധാന്യങ്ങൾ തിരുവിതാംകൂർ പ്രദേശത്തേക്കു കൊണ്ടുവരാൻ സാധാരണയായി കുറച്ചു സമയം വേണ്ടിവരുന്നു. പ്രസ്തുത ക്ഷേത്രധാന്യങ്ങൾ തൃശ്ശൂർ ഡിസ്ട്രിക്ടിൽ എത്തുന്നതിനു പന്ത്രണ്ടു മണിക്കൂറിനകം എത്തിച്ചേക്കാവുന്നതാണു്. പുറമേ കൊച്ചി പ്രദേശത്തു് പട്ടണങ്ങളിലൊഴിച്ചു ദിവസംപ്രതി റേഷൻ കൊടുക്കുന്ന പദ്ധതി നടപ്പിൽ വരുത്തുവാൻ സാദ്ധ്യമായിരുന്നു. ഈ കാരണങ്ങളാൽ കൊച്ചിയിലും തിരുവിതാംകൂറിലും താരതമ്യേന റേഷൻ വിതരണം കൊച്ചിയിൽ കൂടുതൽ തൃപ്തികരമായിരുന്നു.

(ബി) വിശേഷ സന്ദർഭങ്ങളിൽ സ്പെഷ്യൽ റേഷൻ അളക്കുന്നതിനുള്ള പതിവു ഇപ്പോൾ ഇല്ല. എന്നാൽ റംസാൻ കാലത്തു് നോമ്പു് അനുഷ്ഠിക്കുന്ന ആളുകളുടെ ആവശ്യത്തിനായി ഓരോ മുസ്ലീം ദേവാലയത്തിനും അരച്ചാക്കു അരിയും അരച്ചാക്കു ഗോതമ്പും ഈയാണ്ടിൽ സ്പെഷ്യലായി അനുവദിച്ചിട്ടുണ്ടു്.

(സി) ഓണക്കാലത്തു് തിരുവിതാംകൂർ പ്രദേശത്തു് അനുവദിച്ചിരുന്ന റേഷൻ കൊടുക്കാതിരുന്നിട്ടില്ല.

FOODGRAINS ALLOTTED TO TRAVANCORE-COCHIN

*1079. [64] **Sri. E. P. Paulose:** Will the Hon'ble Minister for Education Labour and Civil Supplies be pleased to state:—

(*a*) the total quantity of foodgrains allotted to Travancore-Cochin for this year by the Government of India;

(*b*) the quantity received till now; and

(*c*) whether any reduction in our original quota has been since made?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) 3,00,000 tons.

(*b*) Till end of September 1950—2,17,304 tons.

(*c*) No.

IMPORT OF FOODGRAINS

*1080. [65] **Sri. E. P. Paulose:** Will the Hon'ble Minister for Education Labour and Civil Supplies be pleased to state:—

(*a*) whether the foodgrains imported in August and September were delayed as a result of transport difficulties;

(*b*) is it a fact that foodgrains sent to us happened to be directed to some other destination during transport by some mistake;

(*c*) if so, who was responsible for this mistake;

(*d*) whether there was sufficient stock of foodgrains with Government for distribution in August and September; and

(*e*) if so, why there were widespread complaints regarding the failure in the supply of rations in August and September?

LIBRARY ARCHIVES Kerala Legislative Assembly

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**):

(*a*) No such delay took place except in the case of few wagons consigned to Trivandrum.

(*b*) & (*c*) Nine wagons consigned to Trivandrum were held up en-route, presumably at the transhipment stations.

(*d*) No.

(*e*) Does not arise in view of answer to (*d*).

നെല്ലെടുപ്പുനടപടികൾ

*ഫ വ്യ: (ന്യ ഒ) ശ്രീ. വി. കെ. ജോസഫ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) തിരുവിതാംകൂർ വിഭാഗത്തു നെല്ലെടുപ്പു് ഉൗർജ്ജിതപ്പെടുത്തുന്നതിനു് ഗവൺമെണ്ടു കൈക്കൊണ്ടിട്ടുള്ള നടപടികൾ ഏവ?

(ബി) സംയോജനാനന്തരം ഇവിടത്തെ നെല്ലെടുപ്പിൽ വന്നിട്ടുള്ള മാറ്റങ്ങൾകൊണ്ടു് ഇപ്പോൾ എന്തുമാത്രം നെല്ലു് കൂടുതൽ ലഭിക്കുന്നുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ പ്രദേശത്തു നെല്ലെടുപ്പു ഉൗർജ്ജിതമാക്കുന്നതിനു താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ടു്.

(ഫ) കർഷകരിൽനിന്നും ഗവൺമെണ്ടിലേക്കു കിട്ടേണ്ട നെല്ലു് നിശ്ചയിക്കാനും ആവശ്യപ്പെടാനും സംഭരിക്കാനും ഒരു ശരിയായ അടിസ്ഥാനം വ്യവസ്ഥചെയ്തുകൊണ്ടു സംസ്ഥാനമൊട്ടുക്കു ബാധകവും സമഗ്രവുമായ നെല്ലു് (എടുക്കലും കൊണ്ടുപോകലും) നിയന്ത്രണ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

(ഛ) തിരുവിതാംകൂർ പ്രദേശത്തിലെ എല്ലാ പകുതിയിലും കൃഷിനടത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം, ഉല്പാദനം, കിട്ടാവുന്ന വിളവു് മുതലായവയുടെ സ്ഥിതിവിവരകണക്കുകൾ കാണിക്കുന്ന രജിസ്റ്ററുകൾ തുറന്നിട്ടുണ്ടു്.

(ന) വിളവെടുപ്പുവിവരം കാണിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഡിമാൻഡുകൾ നിണ്ണയിക്കാനും പർച്ചസ് ഉദ്യോഗസ്ഥന്മാർക്കു് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്.

(ര) ശരിയായ അധികാരത്തിലുള്ളതല്ലാത്ത നെല്ലു വാങ്ങലും വില്പനയും രണ്ടും നിരോധിച്ചിട്ടുണ്ടു്.

(ഭ) ശരിയായ പെർമിറ്റ് കൂടാതെ നെല്ലു കൊണ്ടുപോകുന്നതിനെ കുറ്റകരമാക്കിയിട്ടുണ്ടു്.

(ന്യ) വിത്തിനും, കൃഷിച്ചിലവുകൾക്കും വീട്ടാവശ്യത്തിനും കൃഷിക്കാർക്കു അനുവദിക്കേണ്ട നെല്ലു് കൃത്യപ്പെടുത്തിയിട്ടുണ്ടു്.

(ഒ) കൃഷിക്കാർക്കു പ്രത്യേക റേഷൻ കാർഡുകൾ നിണ്ണയിച്ചിട്ടുണ്ടു്. കൃഷിക്കാരനോ ഉപഭോക്താവോ റേഷൻകാർഡിൻപ്രകാരമുള്ള അളവുകളിൽ കവിഞ്ഞു കൂടുതൽ നെല്ലോ അരിയോ സ്റ്റോക്കുചെയ്യാൻ അനുവദിക്കപ്പെട്ടിട്ടില്ല.

(വ്യ) നെല്ലെടുപ്പും റേഷനിംഗും ചട്ടങ്ങൾ ലംഘിക്കുന്നതിനെ കുറ്റകരമാക്കുകയും അതിന്മേൽ പോലീസിനു കേസെടുക്കാമെന്നു വെയ്ക്കുകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly